# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>പശ്ചിമഘട്ടത്തിലെ പരിസ്ഥിതി ദുർബ്ബലപ്രദേശങ്ങളിലെ വനഭൂമി കയ്യേറ്റം</u>

1933 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പശ്ചിമഘട്ടത്തിലെ പരിസ്ഥിതി ദുർബ്ബലപ്രദേശങ്ങളിൽ ഉൾപ്പെടുന്ന 44,240 ഹെക്ടർ വനഭൂമി കയ്യേറിയതായ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത കയ്യേറ്റ ഭൂമി സമയബന്ധിതമായി തിരിച്ചുപിടിക്കുന്നതിന് കേന്ദ്രസർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ എപ്പോഴാണ് കേന്ദ്ര സർക്കാർ പ്രസ്തുത നിർദ്ദേശം നൽകിയതെന്നും അതിന്മേൽ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>വനനശീകരണവും വനവൽക്കരണവും</u>

1934 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വനവിസ്തൃതി കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) വനനശീകരണം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്; വിശദാംശം നൽകുമോ;

(സി) വനവത്ക്കരണത്തിനായി വനം-വിദ്യാഭ്യാസ-സാമൂഹ്യക്ഷേമ വകുപ്പുകളെ ഏകോപിപ്പിച്ചുളള പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

വനനശീകരണവും കയ്യേറ്റങ്ങളും തടയാൻ നടപടി

1935 ശ്രീ. വി. റ്റി. ബൽറാം
,, ഷാഫി പറമ്പിൽ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഖിലേന്ത്യാ സർവ്വേ പ്രകാരം സംസ്ഥാനത്തിന്റെ വന വിസ്തൃതി കുറഞ്ഞുവരുന്നുവെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വനനശീകരണവും കയ്യേറ്റങ്ങളും തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) വേനൽക്കാലത്ത് കാട്ടുതീ മൂലം ഉണ്ടാകുന്ന വനനശീകരണം തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; കാട്ടുതീ തടയുവാനുള്ള ഫയർലൈൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>ഗ്രീൻ പാസ്സ്പോർട്ട് പദ്ധതി</u>

1936 ശ്രീ. ഷാഫി പറമ്പിൽ
,, എ.റ്റി. ജോർജ്
,, വർക്കല കഹാർ
,, എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ പാസ്സ്പോർട്ട് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) വനം സംരക്ഷണ പ്രവർത്തനങ്ങളിൽ ഈ സംവിധാനം എത്രമാത്രം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പാസ്സ്പോർട്ട് ആരാണ് നിർമ്മിച്ച് നൽകുന്നത്; വ്യക്തമാക്കുമോ ;

(ഡി) ഓരോ സംരക്ഷിത മേഖലക്കും പ്രത്യേകം പാസ്സ്പോർട്ടുകൾ തയ്യാറാക്കുന്ന നടപടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

ഫോറസ്റ്റ് ടൂറിസം പദ്ധതി

1937 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനപ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ടൂറിസം സാധ്യതകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിലവിൽ ടൂറിസ്റ്റുകളെ ആകർഷിച്ചിട്ടുള്ള ഇക്കോടൂറിസം സെന്ററുകൾ ഏതെല്ലാമാണ്;

(സി) ഹരിത ഭംഗിയാർന്ന വനമേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ടൂറിസം പാക്കേജ് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

ചെറുനെല്ലി എസ്റ്റേറ്റ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട കേസിൽ സമർപ്പിച്ച സത്യവാങ്മൂലം

1938

ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുനെല്ലി എസ്റ്റേറ്റ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട കേസിൽ കേരള ഹൈക്കോടതിയിൽ സർക്കാരിനു വേണ്ടി സമർപ്പിക്കപ്പെട്ട സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഹൈക്കോടതിയിൽ സമർപ്പിക്കുന്നതിന് അഡ്വക്കറ്റ് ജനറലും നിയമവകുപ്പും ചേർന്ന് തയ്യാറാക്കിയ സത്യവാങ്മൂലത്തിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>നെല്ലിയാമ്പതിയിലെ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ</u>

1939 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിലെ ഏതെല്ലാം എസ്റ്റേറ്റുകൾ ഏറ്റെടുത്തതിനെതിരെ ആരെല്ലാം ഹൈക്കോടതിയെ സമീപിക്കുകയുണ്ടായെന്ന വിവരം ലഭ്യമാണോ ;

(ബി) എങ്കിൽ ഇത്തരത്തിൽ സർക്കാർ ഭൂമിയിൽ ഉടമസ്ഥാവകാശം സ്ഥാപിക്കാൻ ശ്രമം നടത്തിയവരുടെ പേരും മേൽവിലാസവും ലഭ്യമാക്കുമോ ;

(സി) ഇവർ ഓരോരുത്തരും നിയമവിരുദ്ധമായി കൈവശം വച്ച് വരുന്ന ഭൂമി എത്ര വീതമാണെന്നതിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) നെല്ലിയാംമ്പതിയിലെ ഭൂമി കൈവശക്കാർക്ക് നല്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം നല്കിയ ജനപ്രതിനിധികൾ ആരെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>നെല്ലിയാമ്പതി കാരപ്പാറ എസ്റ്റേറ്റ്</u>

1940 ശ്രീ. കെ. വി. വിജയദസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി കാരപ്പാറ എസ്റ്റേറ്റ് വന ഭൂമിയാണെന്ന് സുപ്രീംക്കോടതി വിധി പ്രസ്താവിച്ചിട്ടുണ്ടോ; തോട്ടം അന്യായമായി കൈവശം വച്ചവർക്കനുകൂലമായി കോടതിയിൽ നിലപാട് എടുത്തവർ ആരൊക്കെയായിരുന്നുന്നെന്ന് വ്യക്തമാക്കുമോ ;

(ബി) ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെയും ഡിവിഷൻ ബെഞ്ചിന്റെയും വിധിക്കെതിരെ സുപ്രിംകോടതിയുടെ നിരീക്ഷണം എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ;കേസിൽ സർക്കാർ സ്റ്റേ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നുവോ ; സൂപ്രിംകോടതി സ്റ്റേ ചെയ്യുകയുണ്ടായോ ;

(സി) സുപ്രിംകോടതി വിധിയെ തുടർന്ന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) പ്രസ്തുത എസ്റ്റേറ്റ് പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവന്നിട്ടുണ്ടോ ;

(ഇ) പ്രസ്തുത എസ്റ്റേറ്റ് എത്ര ഏക്കർ ഭൂമിയുണ്ടെന്ന് അറിയിക്കുമോ ;

(എഫ്) കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി എസ്റ്റേറ്റിലെ മരങ്ങൾ ഉൾപ്പെടെ എന്തെല്ലാം വസ്തു വകകൾ തോട്ടം ഉടമകൾ അന്യായമായി കൈവശപ്പെടുത്തുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ ; അവ ഈടാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>നെല്ലിയാമ്പതിയിലെ പാട്ടക്കരാർ ലംഘനം</u>
<u>നടത്തിയ തോട്ടങ്ങൾ</u>

1941 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നെല്ലിയാമ്പതിയിൽ പാട്ടക്കരാർ ലംഘനം നടത്തിയ തോട്ടങ്ങൾ ഉണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>പാട്ടക്കരാർ ലംഘിച്ച തോട്ടങ്ങളിലെ മരം മുറിയ്ക്കൽ തടയുന്നതിന് നടപടി</u>

1942 ശ്രീ. സി. ദിവാകരൻ
ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ. ഇ. ചന്ദ്രശേഖരൻ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പാട്ടക്കരാർ ലംഘിച്ച തോട്ടങ്ങൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഇതു വരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പാട്ടക്കരാർ ലംഘിച്ച എത്ര തോട്ടങ്ങൾക്ക് വനം വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; അവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത്തരം തോട്ടങ്ങളിൽ വ്യാപകമായി മരം മുറിയ്ക്കൽ നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>പാട്ടക്കരാർ അവസാനിച്ചതിനു ശേഷവും വനം വകുപ്പിന് തിരികെ ലഭിച്ചിട്ടില്ലാത്ത ഭൂമി</u>

1943 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ അധീനതയിലുള്ള സംസ്ഥാനത്തെ ഏതെല്ലാം ഭൂമികളാണ് പാട്ടക്കരാർ അവസാനിച്ചതിന് ശേഷവും വനം വകുപ്പിന് തിരികെ ലഭിച്ചിട്ടില്ലാത്തതെന്ന് വിശദമാക്കുമോ;

(ബി) വനം വകുപ്പിന് അർഹതപ്പെട്ടതും എന്നാൽ പാട്ടക്കരാർ നൽകിയിട്ടുള്ളതുമായ എസ്റ്റേറ്റുകളും ഭൂമികളും സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) വനം വകുപ്പിനവകാശപ്പെട്ട എത്ര ഏക്കർ ഭൂമി കേസുകളുടെയും മറ്റും ഫലമായി കൈവശപ്പെടുത്താൻ കഴിയാതെയുണ്ടെന്നും അവ എത്ര ഏക്കർ വീതം ഓരോ ജില്ലയിലും ഉണ്ടെന്നും വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>കാട്ടുമൃഗങ്ങളുടെ ശല്യത്തിൽ നിന്ന് സംരക്ഷണം</u>

1944 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാട്ടുമൃഗങ്ങളിൽ നിന്നും കാർഷികവിളകൾക്കും ജനങ്ങളുടെ ജീവനും സംരക്ഷണം നൽകുന്നതിനു വേണ്ടി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>കാട്ടുമൃഗങ്ങളുടെ ശല്യം ഒഴിവാക്കുന്നതിനുള്ള നടപടി</u>

1945 ശ്രീ. മോൻസ് ജോസഫ്
,, സി.എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനമേഖലയോട് ചേർന്ന കൃഷിയിടങ്ങളിൽ കാട്ടുമൃഗങ്ങളുടെ ശല്യം ഒഴിവാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം ലഭിക്കുന്നതിന് കാട്ടുമൃഗങ്ങളുടെ ശല്യം രൂക്ഷമായ പ്രദേശങ്ങളിൽ ജൈവവേലികളും കിടങ്ങുകളും മറ്റും സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>സ്വകാര്യഭൂമിയിലെ തടി ഉൽപാദനം</u>

1946

ശ്രീ. ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്
,, വി. ഡി. സതീശൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യഭൂമിയിലെ തടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഭൂഉടമകൾക്ക് അധിക വരുമാനം ലഭ്യമാക്കാനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഇനം മരങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;വിശദാംശം നൽകുമോ;

(സി) സാധാരണയായി ഉപയോഗിക്കുന്ന തടിയിനങ്ങളുടെ ലഭ്യതയിൽ സ്വയം പര്യാപ്തത കൈവരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) ഈ പദ്ധതി വഴി ഉടമകൾക്ക് എന്തെല്ലാം ധനസഹായമാണ് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>സ്വകാര്യ വന വത്കരണ പരിപാടി</u>

1947 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വനവത്കരണ പരിപാടി മുഖേന നടപ്പു വർഷം എത്ര വൃക്ഷ തൈകൾ വനം വകുപ്പിൽ നിന്നും സ്വകാര്യ ഭൂഉടമകൾക്ക് ലഭ്യമാക്കുകയുണ്ടായി; വിശദമാക്കുമോ;

(ബി) ഏതെല്ലാം വൃക്ഷതൈകൾ ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം ഏജൻസികൾ വഴി എത്രയെണ്ണം വീതം എത്ര ഭൂവുടമകൾക്ക് വിതരണം ചെയ്യുകയുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഇതിനുവേണ്ടി വകയിരുത്തപ്പെട്ട തുക എത്ര; ഇതിനകം എത്ര ഭൂവുടമകൾക്ക് എന്തു തുക അനുവദിക്കുകയുണ്ടായി എന്നു വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

IX – ാം ശമ്പളക്കമ്മീഷൻ– ഫോറസ്റ്റ് ഡെപ്യൂട്ടി റെയിഞ്ചർ ശമ്പള സ്കെയിൽ അനോമലി

1948

ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 9–ാം ശമ്പളക്കമ്മീഷൻ, ഫോറസ്റ്റ് ഡെപ്യൂട്ടി റെയിഞ്ചർ തസ്തിക പോലീസ് വകുപ്പിലെ എസ്.ഐ. തസ്തികയ്ക്കു തുല്യമാക്കിയിട്ടുണ്ടോ;

(ബി) ഇത് യൂണിഫോം ധരിക്കുന്ന ഒരേ നക്ഷത്രപദവിയിൽ ജോലി ചെയ്യുന്നവരോടുള്ള വിവേചനമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആയത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

റിസ്ക് അലവൻസ് അനുവദിക്കുന്നതിനു നടപടി

1949 ശ്രീ.കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേനകളിൽ വച്ച് ഏറ്റവും കൂടുതൽ റിസ്ക് അനുഭവിക്കുന്ന വനസംരക്ഷണ ജീവനക്കാർക്ക് റിസ്ക് അലവൻസ് അനുവദിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ ;

(ബി) വന്യമൃഗങ്ങളുടെ ആക്രമണം കൂടുതലായികൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജീവനക്കാർക്ക് പ്രസ്തുത അലവൻസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് ധനസഹായം</u>

1950 ശ്രീ. കെ. മുരളീധരൻ
,, ഹൈബി ഈഡൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് എന്തെല്ലാം ധനസഹായങ്ങളാണ് നൽകിവരുന്നത്; വിശദമാക്കുമോ;

(ബി) ധനസഹായം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ; വ്യക്തമാക്കുമോ;

(സി) എങ്കിൽ എന്നു മുതലാണ് വർദ്ധിച്ച ധനസഹായത്തിന് പ്രാബല്യം നൽകുന്നത്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>കാട്ടുമൃഗങ്ങൾമൂലം കൃഷിനാശം</u>

1951 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കാട്ടുമൃഗങ്ങൾ കൃഷി നശിപ്പിച്ചത് സംബന്ധിച്ച് കോഴിക്കോട് ജില്ലയിൽ നിന്നും എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരാതികളിൽ എത്രയെണ്ണം പരിഗണിക്കുകയും ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ധനസഹായം അനുവദിക്കപ്പെട്ടതിൽ എന്തു തുക കർഷകർക്ക് കൈമാറിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

ഇ.എഫ്.എൽ പരിധിയിൽ ഉൾപ്പെടുത്തിയ ഭൂമി തിരികെ നൽകുന്നതിനുള്ള നടപടി

1952 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ.എഫ്.എൽ നിയമം മൂലം കഷ്ടപ്പെടുന്ന കർഷകരെ രക്ഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) കാപ്പി, കുരുമുളക്, ഏലം എന്നിവ കൃഷി ചെയ്യുന്നതും ചുറ്റും വനഭൂമി ഇല്ലാത്തതുമായ വയനാട് ജില്ലയിലെ കൃഷി സ്ഥലങ്ങൾ ഇ.എഫ്.എൽ പരിധിയിൽ ഉൾപ്പെടുത്തി പിടിച്ചെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ തിരികെ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; ഇപ്രകാരം ഭൂമി നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇ.എഫ്.എൽ പരിധിയിൽപ്പെടുത്തി പിടിച്ചെടുക്കുകയും, അന്വേഷണത്തിൽ കൃഷിഭൂമിയാണെന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് 20% ഭൂമി മാത്രം വിട്ടുകൊടുക്കുകയും, ബാക്കി 80% ഭൂമി സർക്കാർ കൈവശം വയ്ക്കുകയും ചെയ്തിട്ടുള്ള കൃഷി ഭൂമി പൂർണ്ണമായും തിരികെ നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

അങ്കമാലി മുക്കന്നൂർ പഞ്ചായത്തിലെ വെള്ളപ്പാറ-വെറ്റിലപ്പാറ പാലം ലിങ്ക് റോഡ്

1953 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മുക്കന്നൂർ പഞ്ചായത്തിലെ വെള്ളപ്പാറയിൽ നിന്നും വെറ്റിലപ്പാറ പാലത്തിലേക്കുള്ള ലിങ്ക് റോഡ് ഗതാഗതയോഗ്യമാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന് വിട്ടുനൽകുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുകയാണെങ്കിൽ വനസംരക്ഷണത്തെ ഒരു കാരണവശാലും ബാധിക്കുകയില്ല എന്ന് 2007-ലും വനസംരക്ഷണത്തെ പ്രതികൂലമായി ബാധിക്കുമെന്ന് 2011-ലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതിനാൽ ഇത് സംബന്ധിച്ച യഥാർത്ഥ വസ്തുത വിലയിരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

വനംവകുപ്പിന്റെ അധീനതയിലുള്ള റോഡുകളുടെ പുനരുദ്ധാരണം

1954 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ വനം വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ പുനരുദ്ധാരണം ആവശ്യമായ റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

കോൾനിലങ്ങളിൽ ഫോറസ്റ്റ് ടവറുകൾ നിർമ്മിക്കുന്നതിനു നടപടി

1955 ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കോൾ മേഖലകളിൽ ഫോറസ്റ്റ് ടവറുകൾ നിർമ്മിക്കാൻ പദ്ധതിയുണ്ടോ;

(ബി) ഏതൊക്കെ ഭാഗങ്ങളിലാണ് ടവറുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ;

(സി) ഇതിനായി എന്തു തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>പാട്ടക്കരാറടിസ്ഥാനത്തിൽ വനേതരാവശ്യങ്ങൾക്ക് നൽകിയിട്ടുള്ള വനഭൂമി</u>

1956 **ശ്രീ. കോവൂർ കുഞ്ഞുമോൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പ് പാട്ടക്കരാറടിസ്ഥാനത്തിൽ നൽകിയിട്ടുള്ള എസ്റ്റേറ്റുകളുടെ പാട്ടക്കാലാവധി വ്യക്തമാക്കുമോ;

(ബി) പാട്ടക്കരാർ റദ്ദാക്കി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ള എസ്റ്റേറ്റുകൾ എത്ര ഹെക്ടർ ആണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) സാമൂഹിക വനവത്കരണ പ്രക്രിയയിലൂടെ നാളിതുവരെ എത്ര ഹെക്ടർ വനഭൂമി കൂട്ടിചേർക്കപ്പെട്ടിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>പാട്ടക്കാലാവധി കഴിഞ്ഞ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കലിനെ തിരെയുള്ള കേസ്സുകൾ</u>

1957 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാട്ടക്കാലാവധി കഴിഞ്ഞ എത്ര എസ്റ്റേറ്റുകളാണ് ഉള്ളത്; ഇതിൽ എത്ര എസ്റ്റേറ്റുകൾ ഏറ്റെടുക്കാൻ നടപടികൾ ആരംഭിച്ചു; ഏതെല്ലാം ഏറ്റെടുത്തു; വിശദാംശങ്ങൾ നൽകുമോ;

(ബി) ഏറ്റെടുക്കലിനെതിരെയുള്ള എത്ര കേസ്സുകളാണ് ഇപ്പോൾ വിവിധ കോടതികളിലുള്ളതെന്നു വെളിപ്പെടുത്തുമോ; കോടതിയും എസ്റ്റേറ്റും തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) എത്ര കേസ്സുകൾ കോടതികളിൽ തീർപ്പായിട്ടുണ്ടെന്ന് അറിയിക്കുമോ; അതിൽ എത്ര കേസ്സുകളിലാണ് തോട്ടം ഉടമകൾക്ക് അനുകൂലമായ വിധിയുണ്ടായത്; ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>പാട്ടക്കരാര്‍ സംബന്ധിച്ച കേസ്സുകള്‍</u>

1958 ശ്രീ. കെ. കുഞ്ഞിരാമന്‍(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം പാട്ടക്കരാര്‍ സംബന്ധിച്ച് വനം വകുപ്പ് എത്ര കേസ്സുകള്‍ ഫയല്‍ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതില്‍ എത്ര കേസ്സുകള്‍ സര്‍ക്കാര്‍ തോറ്റിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; വിശദാംശങ്ങള്‍ അറിയിക്കാമോ;

(സി) തോറ്റ കേസ്സുകള്‍ക്ക് അപ്പീല്‍ ഫയല്‍ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങള്‍ അറിയിക്കാമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

വനംവകുപ്പിന്റെ അധീനതയിലുള്ള പാട്ടത്തിനു നല്കിയ ഭൂമി

1959 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ലിയാമ്പതിയിലേതുൾപ്പെടെ വനംവകുപ്പിന്റേ അധീനതയിലുള്ള പാട്ടത്തിനു നല്കിയതും അല്ലാത്തതുമായ ഭൂമി എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ പാട്ടത്തിന് നല്കിയിരുന്നവ എത്രയെന്ന് വെളിപ്പെടുത്തുമോ; ഇപ്പോഴും പാട്ടക്കരാർ പ്രകാരം കൈവശം വെച്ചുവരുന്നവർ എത്ര;

(സി) ഇതിൽ എസ്റ്റേറ്റുകൾ എത്രയാണെന്ന് അറിയിക്കുമോ; ഏതെല്ലാം എസ്റ്റേറ്റുകൾ പാട്ടക്കരാർ പ്രകാരം ഇപ്പോഴും സ്വകാര്യവ്യക്തികളോ കമ്പനികളോ കൈവശം വെച്ച് വരുന്നുണ്ടെന്നറിയിക്കുമോ; പാട്ടക്കരാർ ലംഘനങ്ങളുടെ പേരിൽ വനംവകുപ്പ് കരാർ റദ്ദ് ചെയ്തവ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) വനംവകുപ്പ് കരാർ റദ്ദ് ചെയ്ത ഏതെല്ലാം നടപടികൾ കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്; ഏതെല്ലാം കേസുകളിൽ സർക്കാരിനെതിരെ വിധികളുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; സർക്കാർ അപ്പീൽപോയിട്ടുള്ള കേസുകൾ ഏതൊക്കെയാണെന്നും അപ്പീൽ പോകാത്തവ ഏതൊക്കെയാണെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>വനഭൂമി കയ്യേറ്റം</u>

1960 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതേവരെ നടന്നതായ വനഭൂമി കയ്യേറ്റം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) റിപ്പോർട്ട് ചെയ്യപ്പെട്ട വനഭൂമി കയ്യേറ്റ കേസുകളുടെയടിസ്ഥാനത്തിൽ കയ്യേറ്റം നടന്നതായി കരുതുന്ന വനഭൂമി എത്ര ഏക്കർ ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) വനഭൂമി കയ്യേറ്റങ്ങൾ സംബന്ധിച്ച് പ്രസ്തുത കാലയളവിൽ റജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ എത്രയാണെന്നു വെളിപ്പെടുത്തുമോ;

(ഡി) വനഭൂമിയിൽ നിന്നും മരങ്ങൾ മുറിച്ച് മാറ്റിയ സംഭവങ്ങൾ സംബന്ധിച്ച് എത്ര കേസ് റജിസ്റ്റർ ചെയ്യുകയുണ്ടായെന്ന് അറിയിക്കുമോ; ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

വനഭൂമി കൈവശം വച്ച് താമസിക്കുന്നവർക്ക്
പട്ടയം നൽകുന്നതിനുള്ള നടപടി

1961 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ അയ്യംമ്പുഴ പഞ്ചായത്തിൽ ചാത്തക്കുളം കാരേക്കാട്ട്, കടുകുളങ്ങര, കണ്ണിമംഗലം തുടങ്ങിയ പ്രദേശങ്ങളിൽ വർഷങ്ങളായി വനഭൂമി കൈവശം വച്ച് താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് റവന്യു-വനം വകുപ്പുകൾ നടത്തിയ സംയുക്ത പരിശോധനാ റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രദേശങ്ങളിലെ നിവാസികൾക്ക് എപ്പോൾ പട്ടയം നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>വന സംരക്ഷണ പ്രവർത്തനങ്ങൾക്കായുള്ള</u>
<u>വാഹന സൗകര്യങ്ങൾ</u>

1962 **ശ്രീ. കോവൂർ കുഞ്ഞുമോൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വന സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഓരോ ഫോറസ്റ്റ് സ്റ്റേഷനിലുമുള്ള വാഹന സൗകര്യങ്ങൾ വ്യക്തമാക്കുമോ;

(ബി) സ്റ്റേഷനുകളിലും, റെയിഞ്ചുകളിലും നിലവിൽ എത്ര വാഹനങ്ങൾ ഉപയോഗശൂന്യമായ നിലയിലുണ്ട് എന്നു വെളിപ്പെടുത്തുമോ; ഇകാലാകാലങ്ങളിൽ മെയിന്റനൻസ് ചെയ്യാറുണ്ടോ; എങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം മെയിന്റനസിനായി എന്തു തുക ചെലവഴിച്ചു; പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് എന്ത് തുക ചെലവായി; വ്യക്തമാക്കുമോ;

(സി) രാത്രികാല പട്രോളിംഗ് നടത്തുന്നതിന് ഫോറസ്റ്റ് സ്റ്റേഷനുകളിൽ സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ആധുനിക ഉപകരണങ്ങൾ നൽകാറുണ്ടോ; എങ്കിൽ ആയത് ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

ചാലക്കുടി ആനമല റോഡിന്റെ സൈഡ് പ്രൊട്ടക്ഷൻ വർക്കുകൾ

1963 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ ചാലക്കുടി–ആനമല റോഡിൽ അതിരപ്പിള്ളി മുതലുള്ള ഭാഗത്തെ റോഡിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള സൈഡ് പ്രൊട്ടക്ഷൻ വർക്കുകൾ നടപ്പിലാക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭാഗങ്ങളിൽ അപകടസാദ്ധ്യത കൂടുതലായതിനാൽ, വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>പ്രാപ്പെയിൽ - ചൂരപ്പടവ് - ചട്ടിവയൽ റോഡ് നിർമ്മാണം</u>

1964 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പയ്യന്നൂർ ചെറുപുഴഗ്രാമ പഞ്ചായത്തിൽ വനം വകുപ്പ് ഏറ്റെടുത്ത പ്രാപ്പെയിൽ - ചൂരപ്പടവ് - ചട്ടിവയൽ റോഡ് തീർത്തും ഗതാഗതയോഗ്യമല്ലാതായിത്തീർന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

തേക്കടി കടുവാസങ്കേത്തിലൂടെയുള്ള രാത്രി സവാരി

1965 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം–വന്യ ജീവി സംരക്ഷണ നിയമം സംസ്ഥാനത്തെ മന്ത്രിമാർക്ക് ബാധകമാണോ ; ബാധകമല്ലെന്ന് വനം വകുപ്പുമന്ത്രി പരസ്യമായി പ്രസതാവന നടത്തുകയുണ്ടായോ ;

(ബി) തേക്കടി കടുവാ സങ്കേതത്തിലുടെ രാത്രി സവാരി വൈകിട്ട് ആറിന് ശേഷം നിരോധിച്ചിട്ടുണ്ടോ ; എങ്കിൽ നിരോധിത സമയത്ത് സംസ്ഥാനത്തെ ഏതെങ്കിലും മന്ത്രിമാർ പെരിയാർ കടുവാ സങ്കേതത്തിലുടെ ബോട്ടു യാത്ര നടത്തുകയുണ്ടായോ ; എങ്കിൽ ഏതെല്ലാം മന്ത്രിമാർ എന്നു വെളിപ്പെടുത്തുമോ ;

(സി) നിയമവിരുദ്ധമായും സുപ്രീംകോടതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായും കടുവാ സങ്കേതത്തിലുടെ ഉല്ലാസ യാത്ര നടത്തിയവർക്ക് എതിരെ വനം വകുപ്പ് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

ഫോറസ്റ്റ് സ്റ്റേഷനുകളും സെക്ഷനുകളും പുനസംഘടിപ്പിക്കാൻ നടപടി

1966 ശ്രീ. എം. പി. വിൻസന്റ്
,, കെ. ശിവദാസൻ നായർ
,, കെ. മുരളീധരൻ
,, എം. എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനപരിപാലനത്തിനും ജൈവ വൈവിധ്യം കാത്തുസൂക്ഷിക്കുന്നതിനും കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഇതിനായി ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടോ;

(സി) പോലീസ് സ്റ്റേഷൻ മാതൃകയിൽ നിലവിലുള്ള ഫോറസ്റ്റ് സ്റ്റേഷനുകളും സെക്ഷനുകളും പുന സംഘടിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>എലൈറ്റ് അക്കാഡമി</u>

1967 ശ്രീ. കെ. അച്ചുതൻ
,, ഹൈബി ഈഡൻ
,, വി. പി. സജീന്ദ്രൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക വകുപ്പിന്റെ കീഴിൽ എലൈറ്റ് അക്കാഡമി സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതു വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശം വ്യക്തമാക്കുമോ ;

(സി) വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനവും സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>ജി. വി. രാജ സ്പോർട്ട്സ് സ്കൂളിൽ പഠന-നിലവാരം മെച്ചപ്പെടുത്തുന്നതിനു നടപടി</u>

1968 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ മൈലത്തുള്ള ജി. വി. രാജ സ്പോർട്ട്സ് സ്കൂളിൽ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

(ബി) പ്രസ്തുത സ്കൂളിൽ കഴിഞ്ഞ വർഷത്തെ ദേശീയ മത്സരങ്ങളിൽ സമ്മാനം നേടിയ കുട്ടികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ; ഏഷ്യയിലെതന്നെ ഒന്നാം നിലവാരം പുലർത്തിയിരുന്ന പ്രസ്തുത സ്കൂളിന് ഒരു അന്തർദ്ദേശീയ താരത്തെപ്പോലും സൃഷ്ടിക്കാൻ കഴിയുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പാലക്കാട് ജില്ലയിലെ പറളി, മുണ്ടൂർ പോലുള്ള സാധാരണ സ്കൂളുകൾ കേവലം ഒരു കായിക അദ്ധ്യാപകന്റെ മാത്രം സേവനം ഉപയോഗിച്ച് അന്തർദ്ദേശീയ തലത്തിൽ ഒട്ടേറെ മികവുകൾ നേടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കായിക പരിശീലനത്തിനായി ഓരോ ഇനത്തിനും പ്രത്യേകം മികവുറ്റ പരിശീലകരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>കായിക വികസനത്തിനായി ഹാൻഡ് ബുക്ക്</u>

1969 ശ്രീ. എ. റ്റി. ജോർജ്
'' എ. പി. അബ്ദുള്ളക്കുട്ടി
'' ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായിക വികസന പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി ഹാൻഡ് ബുക്ക് തയ്യാറാക്കുന്നകാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) കായിക വികസനത്തിൽ മാറ്റം വരുത്തുവാൻ സഹായിക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് ഹാൻഡ് ബുക്കിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്;വിശദമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>പ്രോജക്ട് സാറ്റർഡേ പദ്ധതി</u>

1970 ശ്രീ. സണ്ണി ജോസഫ്
'' ഐ. സി. ബാലകൃഷ്ണൻ
'' ബെന്നി ബെഹനാൻ
'' ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രോജക്ട് സാറ്റർഡേ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) എന്തെല്ലാം നടപടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പ് വരുത്തുവാനുള്ള സംവിധാനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>കായിക താരങ്ങൾക്കു വേണ്ടി ക്ഷേമനിധി</u>

1971 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായിക താരങ്ങൾക്കുവേണ്ടി ഒരു പ്രത്യേക ക്ഷേമനിധി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികളെകുറിച്ചുളള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം</u>

1972 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ സ്പോർട്സ് കൗൺസിൽ നിർമ്മിച്ച ഇൻഡോർ സ്റ്റേഡിയത്തിലെ ഗാലറിയുടെ അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി സ്പോർട്സ് കൗൺസിൽ ഇതുവരെ എന്തു തുക അനുവദിച്ചിട്ടുണ്ടെന്നും എന്താവശ്യത്തിനാണ് അനുവദിച്ചതെന്നും ഓരോ തവണ അനുവദിച്ച തീയതിയും ഇതിൽ എന്തു തുക വീതം ചെലവഴിച്ചുവെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

നീലേശ്വരം ഇ. എം.എസ്. സ്റ്റേഡിയം നിർമ്മാണം

1973 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നീലേശ്വരം ഇ. എം.എസ്. സ്റ്റേഡിയം നിർമ്മാണത്തിന് ഭരണാനുമതി നൽകിയിരുന്നുവെങ്കിലും ഫണ്ട് നൽകാത്തതിനാൽ നിർമ്മാണപ്രവർത്തനം ആരംഭിക്കാൻ കഴിയാതെ വന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിർമ്മാണ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

ചാത്തന്നൂർ ശ്രീനാരായണ ട്രസ്റ്റ് ഹയർ സെക്കന്ററി സ്കൂളിൽ ആധുനിക സ്റ്റേഡിയം

1974 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡത്തലത്തിലെ ചാത്തന്നൂർ ശ്രീ നാരായണ ട്രസ്റ്റ് ഹയർ സെക്കന്ററി സ്കൂളിനോട് അനുബന്ധിച്ച് ആധുനിക സ്റ്റേഡിയം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കുമോ ;

(ബി) പ്രസ്തുത നിയോജക മണ്ഡലത്തിൽ മറ്റ് സ്റ്റേഡിയങ്ങൾ നിലവിലില്ലാത്തതിനാൽ അടിയന്തിരമായി നടപടികൾ പൂർത്തീകരിച്ച് സ്റ്റേഡിയം നിർമ്മാണം സാദ്ധ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>ചെറുതാഴം ഗ്രാമപഞ്ചായത്തിലെ നരീക്കാംപള്ളി സ്റ്റേഡിയം നവീകരണം</u>

1975 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ നരീക്കാംപള്ളിയിലുള്ള പഞ്ചായത്ത് സ്റ്റേഡിയം നവീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സ്റ്റേഡിയം നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് നഗരത്തിലെ കൈരളി, ശ്രീ തീയേറ്ററുകളുടെ നവീകരണം</u>

1976 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ കൈരളി, ശ്രീ തീയേറ്ററുകൾ നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>കായംകുളത്ത് മൾട്ടിപ്ലക്സ് തീയറ്റർ</u>

1977 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളത്ത് മൾട്ടിപ്ലക്സ് തീയറ്റർ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) തീയറ്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?